# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: **4080**. **20-03-2018 ൽ മറുപടിയ്ക്ക്**

## തരിശ് പാടശേഖരങ്ങളിൽ നെൽകൃഷി

**ചോദ്യം**

ശ്രീ.കെ. ദാസൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ തരിശ് പാടശേഖരങ്ങളിൽ നെൽകൃഷി ആരംഭിച്ചതിന്റെ വിസ്തൃതി ഹെക്ടറിൽ ജില്ല തിരിച്ച് വ്യക്തമാക്കാമോ; വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നെൽകൃഷിയിറക്കിയ ആദ്യത്തെ പത്ത് സ്ഥാനങ്ങളിൽ വരുന്ന പാടശേഖരങ്ങളുടെ പട്ടിക ലഭ്യമാക്കാമോ; | (എ) | തരിശ് നെൽകൃഷി ചെയ്തതിന്റെ ജില്ല തിരിച്ചുള്ള വിസ്തൃതിയും, വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നെൽകൃഷിയിറക്കിയ ആദ്യത്തെ പത്ത് സ്ഥാനങ്ങളിൽ വരുന്ന പാടശേഖരങ്ങളുടെ പട്ടികയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1-ആയി ചേർക്കുന്നു. |
| (ബി) | നിരവധി കർഷകരുടെ ഉടമസ്ഥതയില്ലുള്ളതും വർഷങ്ങളായി കൃഷി ചെയ്യാതെ തരിശായി കിടക്കുന്നതുമായ പാടശേഖരങ്ങൾ നെൽകൃഷിയ്ക്ക് യോഗ്യമാക്കി എടുക്കുന്നതിന് വലിയ ചെലവ് വരുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇതിലേയ്ക്കായി സർക്കാരിൽ നിന്ന് ലഭ്യമാകുന്ന സാമ്പത്തിക സഹായങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഏതെങ്കിലും പ്രത്യേക ഫണ്ട് ഇതിനായി നീക്കി വച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (സി) | സമഗ്ര നെൽ കൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി തരിശു ഭൂമിയിൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയുമാണ് ആനുകൂല്യം നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും സഹായധനം നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5800/- രൂപയും 1200/- രൂപയും; മൂന്നാം വർഷം 3750/- രൂപയും 750/- രൂപയും ആണ്. |

| | | | |
|---|---|---|---|
| | | | തരിശായി കിടക്കുന്ന പാടങ്ങളിൽ നെൽകൃഷിയിറക്കുന്ന കർഷകർക്കും സംഘങ്ങൾക്കും മൂന്നു വർഷങ്ങളിലായി നൽകുന്ന ആനുകൂല്യങ്ങൾക്ക് പുറമെ, അടിസ്ഥാന സൗകര്യ വികസനം ആവശ്യമുള്ളയിടങ്ങളിൽ നടപടി സ്വീകരിക്കുന്നതിനും, യുവജന പങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി നടത്തുന്നതിനും, നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥലത്തും (സ്വന്തമോ/ പാട്ടത്തിനോ) കൃഷി നടത്തുന്നതിനും പദ്ധതിയധിഷ്ഠിതമായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

**തരിശ് നെൽകൃഷി ചെയ്യതിന്റെ വിസ്തൃതി ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.**

| ജില്ല | 2016-17 | 2017-18 |
|---|---|---|
| തിരുവനന്തപുരം | 26.52 | 66.48 |
| കൊല്ലം | 168.113 | 314.108 |
| പത്തനംതിട്ട | 232.64 | 440 |
| ആലപ്പുഴ | 251.552 | 677.6 |
| കോട്ടയം | 187.1187 | 796 |
| ഇടുക്കി | 22.52 | 40 |
| എറണാകുളം | 203 | 472.27 |
| തൃശ്ശൂർ | 481.576 | 867.3 |
| പാലക്കാട് | 0 | 167.145 |
| മലപ്പുറം | 309.33 | 522.66 |
| കോഴിക്കോട് | 378.244 | 430 |
| വയനാട് | 95.55 | 178.5 |
| കണ്ണൂർ | 385.122 | 336.953 |
| കാസർഗോഡ് | 41.1 | 176.67 |
| **ആകെ** | **2782.3857** | **5485.686** |

**വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നെൽകൃഷിയിറക്കിയ ആദ്യത്തെ പത്ത് സ്ഥാനങ്ങളിൽ വരുന്ന പാടശേഖരങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.**

| ജില്ല | വർഷം | കൃഷി ഭവൻ | പാടശേഖരം | വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|---|---|
| കോട്ടയം | 2016-17 | കുമരകം | മെത്രാൻ കായൽ പാടശേഖരം | 160 |
| കൊല്ലം | 2017-18 | തഴവ | വട്ടക്കായൽ പുഞ്ച | 133 |
| ആലപ്പുഴ | 2017-18 | പള്ളിപ്പാട് | മുട്ടത്ത് വടക്ക് വശം പായിപ്പാട്ടതറ | 120 |
| കണ്ണൂർ | 2017-18 | മയ്യിൽ | കീഴാലം പാടശേഖരം | 116 |
| കോട്ടയം | 2017-18 | കല്ലറ | മാലിക്കരി പാടശേഖരം | 101.4 |
| കോട്ടയം | 2017-18 | കടുത്തുരുത്തി | മധുരവേലി പടിഞ്ഞാറേ പാടശേഖരം | 92 |
| കോട്ടയം | 2017-18 | മണർകാട്, വിജയപുരം | വി.എം.കെ. പാടശേഖരം | 90 |
| കോഴിക്കോട് | 2016-17 | ചെറുവണ്ണൂർ | ആവളപ്പാണ്ടി | 88 |
| കോഴിക്കോട് | 2017-18 | കൊയിലാണ്ടി, അരീക്കുളം | വെളിയന്നൂർ ചില്ലി | 85.76 |
| കോട്ടയം | 2017-18 | പനച്ചിക്കാട് | വടക്കുപുറം കിഴക്കുപുറം പാടശേഖരം | 80 |
| മലപ്പുറം | 2017-18 | ഇടപ്പാൾ | പേരെറ്റുകായൽ കോൾപ്പടവ് | 80 |

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

* **പാടശേഖരസമിതികളുടെ പ്രവർത്തന ചിലവിനായുളള പദ്ധതി**

പാടശേഖരസമിതികളുടെ പ്രവർത്തന ചിലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേക്ക് ഗ്രൂപ്പ് ഫാമിങ് സമ്പ്രദായമനുസരിച്ച് വിവിധ പദ്ധതിഘടകങ്ങൾ നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്.

* **പദ്ധതിയധിഷ്ഠിത ധനസഹായം**

നഗര പ്രദേശങ്ങളിലെ കർഷക ഗ്രൂപ്പുകൾ, റസിഡന്റ്സ് അസ്സോസ്സിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ എന്നിവർക്ക് സ്വന്തഭൂമിയിലോ പാട്ടത്തിനോ നെൽകൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നുണ്ട്. ആയതിലേക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

* **നെൽ കൃഷിയിൽ നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം**

2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1)വരെ നെൽ വർഷമായി ആചരിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റു ഘടകങ്ങൾക്ക് പുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദങ്ങളും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയാറാക്കി നടപ്പാക്കുക ആണ് പ്രധാന ലക്ഷ്യം. ആയതിലേക്ക് 262 ലക്ഷം രൂപ ഉൾകൊള്ളിച്ചിരിക്കുന്നു.

* **ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം**

നെൽകൃഷി മേഖലയിൽ കേന്ദ്ര /സംസ്ഥാന/ തദ്ദേശസ്വയംഭരണ സ്ഥാപന ആനുകൂല്യങ്ങൾ സംയോജിപ്പിച്ച ഏകീകരിച്ച രീതിയിൽ താഴെത്തട്ടിൽ നടപ്പാക്കുന്നതിനായും ഒന്നിലധികം പഞ്ചായത്തുകളിലായി വരുന്ന പാടശേഖരങ്ങളിൽ പൊതു ഞാറ്റടി, തോട് നവീകരണം, കൊയ്ത്തു മെതി യന്ത്രങ്ങൾ ഉറപ്പാക്കൽ, മില്ലുകൾ സ്ഥാപിക്കൽ, മറ്റു സംഭരണ സംസ്കരണ വിപണന പ്രവർത്തനങ്ങൾ എന്നിവക്കുമായി 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയധിഷ്ഠിതമായിട്ടാണ് ആനുകൂല്യങ്ങൾ നൽകുക.

സെക്ഷൻ ഓഫീസർ